**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 206 04.02.2013-ൽ മറുപടിയ്ക്ക്**

## ദേശീയ ഗെയിംസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.ശിവൻകുട്ടി** | | **ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | ദേശീയ ഗെയിംസ് കേരളത്തിൽ നടത്തുന്നതിനായി നാളിതുവരെ ആസൂത്രണം ചെയ്ത മുന്നൊരുക്കങ്ങളും തയ്യാറെടുപ്പുകളും എന്തൊക്കെയാണെന്നു വിശദമാക്കുമോ ; | (എ), | 35-ാമത് ദേശീയ ഗെയിംസ് നടത്തിപ്പിനോടനുബന്ധിച്ച് 14 മത്സരവേദികളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഇതോടൊപ്പം മത്സരങ്ങൾ സംഘടിപ്പിക്കാനായി 10 പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇതിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഗെയിംസ് നടത്തിപ്പിനായി നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും അതിന്റെ കീഴിൽ 20 സബ് കമ്മിറ്റികളും, 7 പ്രാദേശിക കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. 35-ാം ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന കേരള ടീമിന്റെ കോച്ചിംഗ് ക്യാമ്പ്, പങ്കെടുക്കൽ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട സ്പോർട്സ് അസോസിയേഷനുകളുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും, കോച്ചിംഗ് ക്യാമ്പിന് ആവശ്യമായ മെച്ചപ്പെട്ട കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും ദേശീയ ഗെയിംസിൽ കേരള ടീമിന്റെ പ്രകടനം മെച്ചപ്പെടുത്തുന്നതിലേക്കായി വിദേശ പരിശീലകന്റെ സേവനം ആവശ്യമാണെന്ന് തോന്നുന്ന പക്ഷം ആയത് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഗെയിംസ് നടത്തുന്നതിലേക്കായി സംസ്ഥാന സർക്കാർ ചെലവഴിക്കാനുദ്ദേശിക്കുന്ന തുക എത്രയാണെന്നു വ്യക്തമാക്കുമോ ? | (ബി) | സ്റ്റേഡിയങ്ങളുടെ നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾ, സ്പോർട്സ് ഉപകരണങ്ങൾ സ്വരൂപിക്കൽ, ഉദ്ഘാടന-സമാപന ചടങ്ങുകൾ, ഗെയിംസ് നടത്തിപ്പ്, ഗെയിംസ് വില്ലേജ് എന്നിവകൾക്കായി 611.33 കോടി രൂപയുടെ പുതുക്കിയ പദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ടി പദ്ധതി കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസഹായമായി ഇതുവരെ 55 കോടി രൂപയും സംസ്ഥാന സർക്കാർ നാളിതുവരെ 45 കോടി 45 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ